**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2731

21.6.2012ൽ
മറുപടിയ്ക്ക്

## ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. പാലോട് രവി ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. ലൂഡി ലൂയിസ് ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യായവിലയിൽ നിത്യോപയോഗസാധനങ്ങൾ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യായവിലയിൽ നിത്യോപയോഗസാധനങ്ങൾ എത്തിക്കാൻ സപ്ലൈകോ വഴിയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച് അവശ്യസാധനങ്ങൾ ശരാശരി 50% വിലക്കുറവിലും മറ്റ് FMCG സാധനങ്ങൾ MRPയേക്കാൾ ശരാശരി 10 % വരെ വിലക്കുറവിലും വിതരണം ചെയ്തു വരുന്നു. സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വിലകളിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. കൂടുതൽ വിൽപ്പനശാലകൾ തുറന്ന് വിലക്കുറവിന്റെ പ്രയോജനം കൂടുതൽ ജനങ്ങളിലെത്തിച്ചു. വിൽപ്പനയുടെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളായും ഉയർത്തി. ഗുണനിലവാരമുള്ള സാധനങ്ങൾ വിപണിയിൽ എത്തിക്കാൻ പരിശോധനാ വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കി. സപ്ലൈകോയിൽ നടപ്പാക്കിയിട്ടുള്ള ഇൻവെന്ററി/ധനകാര്യ മാനേജ്മെന്റ്/ പർച്ചേസ് മാനേജ്മെന്റ് എന്നിവ തുടർന്നു വരുന്നതിനാൽ സുതാര്യമായ വാങ്ങൽ സംവിധാനവും അഴിമതി രഹിത അന്തരീക്ഷവും ഉറപ്പാക്കാൻ സാധിച്ചു. ഉത്സവകാലങ്ങളിലെ വില നിയന്ത്രണത്തിനായി പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി. പച്ചക്കറി വിലവർദ്ധനവ് നേരിടാൻ ഹോർട്ടികോർപ്പുമായി ചേർന്ന് സംയുക്ത പരിപാടികൾ ആവിഷ്ക്കരിക്കുകയും 45 സപ്ലൈകോ വിൽപ്പന ശാലകളിൽ ഹോർട്ടികോർപ്പ് പച്ചക്കറി വിൽപ്പന ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കുകയും ചെയ്തു. ഇതിനു പുറമേ തെരഞ്ഞെടുക്കപ്പെട്ട 26 സപ്ലൈകോ വിൽപ്പനശാലകളിലും പച്ചക്കറി പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്തു വരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് മിതമായ വിലയിൽ പഠനോപകരണങ്ങൾ എത്തിക്കാൻ സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് പുറമേ വൻകിട കുത്തകകമ്പനികൾ നടത്തുന്ന വിൽപ്പനശാലകളോട് കിടപിടിക്കുന്നതിനും, അവ നൽകുന്ന സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള ഹൈപ്പർ മാർക്കറ്റ് പദ്ധതി വിപുലീകരിക്കുകയും കൂടുതൽ സ്ഥലങ്ങളിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സംസ്ക്കാരവും പൈതൃകവും വ്യക്തമാക്കുന്ന രീതിയിൽ ഒരു പ്രീമിയം വിൽപ്പനശാല കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലെ ഇന്റർനാഷണൽ ടെർമിനലിൽ ആരംഭിച്ചു. |

ബി) മുൻ വർഷങ്ങളേക്കാൾ എത്ര ശതമാനം കൂടുതൽ വിറ്റുവരവാണ് കോർപ്പറേഷന് ഉണ്ടായത് ;

ബി) മുൻ സാമ്പത്തിക വർഷത്തേക്കാൾ (2010-11) 10% വർദ്ധനവാണ് (2011-12) സാമ്പത്തിക വർഷത്തിൽ ഉണ്ടായിട്ടുള്ളത്.

സി) എത്ര പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ?

സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 24 മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | മാവേലി സ്റ്റോർ |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 2 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | - |
| കോട്ടയം | 1 |
| ഇടുക്കി | - |
| എറണാകുളം | 7 |
| തൃശ്ശൂർ | - |
| പാലക്കാട് | 1 |
| മലപ്പുറം | 2 |
| കോഴിക്കോട് | - |
| വയനാട് | 3 |
| കണ്ണൂർ | 3 |
| കാസർഗോഡ് | - |
| ആകെ | 24 |

സെക്ഷൻ ഓഫീസർ